# ആർ എൻ എം എച്ച് എസ് എസ് നരിപ്പറ്റ

# സമഗ്ര വിദ്യാഭ്യാസ മാസ്റ്റർ പ്ലാൻ

കേരളത്തിലെ ഓരോ വിദ്യാലയവും അവരവരുടെ സാഹചര്യമനു സരിച്ച് ഏറ്റവും ഉയർന്ന തലത്തിലേക്ക് കൈപിടിച്ച് ഉയർത്തുക എന്നതാണ് സമഗ്ര വിദ്യാഭ്യാസ മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോര മേഖലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ 1982ൽ ആരംഭിച്ചതാണ് ആർ എൻ എം ഹൈസ്കൂൾ. 40 വർഷത്തെ നീണ്ട കാലയളവിനുള്ളിൽ പതിനായിരക്കണക്കിന് വിദ്യാർ ത്ഥികളെ ജീവിത വിജയത്തിന്റെ കൊട്ടുമുടിയേറ്റാൻ സ്കൂളിലെ കൂട്ടായ പ്രവർ ത്തനം കൊണ്ട് കഴിഞ്ഞിട്ടുണ്ട് . കലാ കായിക ശാസ്ത്ര സാഹിത്യ രംഗത്ത് ഒരുപാട്ട പ്രതിഭകളെ വാർത്തെടുക്കാൻ സ്കൂളിന് കഴിഞ്ഞു എന്നത് അഭി മാനകരമായ വസ്തുതയാണ് . കായികരംഗത്തെ പ്രവർത്തന മികവിന്റെ അംഗീകാരമായി ഉയർന്ന ജോലിയിൽ പലരും പ്രവേശിച്ചു .ശാസ്ത്രരംഗത്ത് ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ അവസരം ലഭിച്ചവരും നമ്മുടെ സ്കൂളിൽ ഉണ്ടായിട്ടുണ്ട് . സംസ്ഥാന കലോത്സവങ്ങളിൽ മികവ് തെളിയിച്ചവരും നമ്മുടെ പ്രതിഭകളാണ് . വർഷങ്ങൾക്കു മുൻപ് നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിനി കവിതാരചനയിൽ ഒന്നാം സ്ഥാനം നേടിയപ്പോൾ അത് സുവർണ ലിപികളിൽ എഴുതപ്പെട്ട ചരിത്രമായി മാറി .കാലത്തിന്റെ കനകസിംഹാസനത്തിൽ ഇടം നേടാൻ ആർ എൻ എം ഹൈസ്കൂളിന് കഴിഞ്ഞിട്ടുണ്ട് .ഹയർ സെക്കന്ററി സ്കൂൾ ഇതിന്റെ ഭാഗമായി ഉള്ളത് കൊണ്ട് വിദ്യാർത്ഥികളുടെ തുടർപഠനത്തിന് സൗകര്യം ലഭിച്ചിരിക്കുന്നു. പൊതുമേഖലാ സ്ഥാപനമായതു കൊണ്ട് അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും ഒരുമിച്ചു കൈകോർത്തു ചിട്ടയോടെ മുന്നേറിയാൽ ഇനിയും അക്ഷരവസന്തം തീർക്കാൻ നമ്മുടെ സ്ഥാപനത്തിന് കഴിയും .

<u>അടിസ്ഥാന വിവരം</u>

ഹെഡ്മാസ്റ്റർ – ശ്രീജിത്ത് എം

അധ്യാപകർ – 28

അനധ്യാപക ജീവനക്കാർ – 4

<u>വിദ്യാർത്ഥികൾ</u>

എസ് എസ് എൽ സി – 5 ഡിവിഷൻ – 206

ഒൻപതാം ക്ലാസ് – 6 ഡിവിഷൻ – 235

എട്ടാം ക്ലാസ് – 8 ഡിവിഷൻ – 274

ആകെ – 715

# വിദ്യാലയ ജാഗ്രതാസമിതി മാസ്റ്റർ പ്ലാൻ

## പ്രവർത്തനങ്ങൾ

### 1. ബോധവത്കരണപരിപാടികൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും

ലക്ഷ്യം :-

കുട്ടികളെയും രക്ഷിതാക്കളെയും അനീതികൾ, അക്രമങ്ങൾ എന്നിവയെ കുറിച്ച് ബോധവാൻമാരാക്കുക. മൂല്യങ്ങൾ കൈവരിക്കാൻ സഹായിക്കുക.

ചുമതല :-

പി.ടി.എ ,അദ്ധ്യാപകർ ,ജാഗ്രതാസമിതി

### 2. ഗൃഹസന്ദർശന പരിപാടി

ലക്ഷ്യം :-

കുട്ടിയുടെ വീടും സാഹചര്യങ്ങളും കൂട്ടുകെട്ടുകളും മനസ്സിലാക്കുക , രക്ഷിതാവിനെ കൂടുതൽ അടുത്തറിയുക.

ചുമതല :-

ജാഗ്രതാസമിതി അംഗങ്ങൾ, സ്റ്റാഫ്

### 3. അദ്ധ്യാപക ശാക്തീകരണം

ലക്ഷ്യം :-

ജാഗ്രതാസമിയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക

ചുമതല :-

ഹെഡ് മാസ്റ്റർ ,കൺവീനർമാർ

### 4. ജാഗ്രതാസഭകൾ രൂപീകരിക്കുക

വാർഡ് മെമ്പർ ,പി.ടി.എ പ്രസിഡന്റ് ,മറ്റ് അദ്ധ്യാപക രക്ഷാകർത്തൃ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തികൊണ്ട്.

ലക്ഷ്യം :-

സാമൂഹിക ഇടപെടലുകളിലൂടെ പ്രശ്നങ്ങൾ കൈകാര്യ ചെയ്യുക.

5. **കുടുംബസംഗമങ്ങൾ**

ലക്ഷ്യം :-

കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി ചർച്ചകൾ സെമിനാറുകൾ എന്നിവ നടത്താം

6. **ലഹരിവിരുദ്ധക്ലബ്ബ് ,ഹെൽത്ത് ക്ലബ്ബ് ,പരിസ്ഥിതി ക്ലബ്ബ്** എന്നിവയുടെ പ്രവർത്തനങ്ങളെ **ജാഗ്രതാസമിതിയുമായി ബന്ധപ്പെടുത്തുക**

ലക്ഷ്യം :-

ലഹരിക്കെതിരെ പോരാടാനും അത് അകറ്റിനിർത്താനുമുള്ള ബോധമുണ്ടാക്കുക

ആരോഗ്യം ,ശുചിത്വം എന്നിവയെ കുറിച്ച് ബോധമുണ്ടാക്കുക

7. **നൈതിക സഭകൾ രൂപികരിക്കുക**

ലക്ഷ്യം :-

സമൂഹത്തിലെ ചൂഷണങ്ങൾക്ക് വിധേയമാകുന്നവർക്ക് സാന്ത്വനം നൽകുക,നിയമ ബോധമുണ്ടാക്കുക, നവമാധ്യമങ്ങളുടെ ദുരുപയോഗത്തെപ്പറ്റിയും അതിന്റെ അപകടങ്ങളെ കുറിച്ചും ബോധവാൻമാരാക്കുക .

8. **സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്**

പ്രിൻസിപ്പാൾ - കൺവീനർ

ഹെഡ് മാസ്റ്റർ - ജോയിന്റ് കൺവീനർ

വാർഡ് മെമ്പർ ,പി.ടി,എ പ്രസിഡന്റ് .സ്റ്റാഫ് സെക്രട്ടറി തുടങ്ങിയവരെ ഉൾപ്പെടുത്താം.

# മലയാളം

ലക്ഷ്യം

- വായിച്ചു വളരുക
- ഉച്ചാരണത്തിലും എഴുത്തിലും വ്യക്തതയും ശുദ്ധിയും കൈവരുത്തുക
- സാംസ്കാരിക കേന്ദ്രങ്ങൾ സന്ദർശിക്കുക
- വ്യക്തി എന്ന നിലയിൽ വിദ്യാർത്ഥികൾക്ക് സ്വകാര്യഭാഷ ഉണ്ടാവണം.
- സെമിനാർ അവതരണം
- മാതൃഭാഷാപഠനം
- വ്യകതിതലത്തിലും സാമൂഹികതലത്തിലും ജ്ഞാനനിർമ്മാണം
- നമ്മുടെ സാംസ്കാരികപൈതൃകത്തോടും ആദരപൂർവ്വമനോഭാവം സൃഷ്ടിക്കുക.
- നാടകശില്പശാല ,കവിയരങ്ങ് സംഘടിപ്പിക്കുക .തിരക്കഥ(ICT)

## പ്രവർത്തനങ്ങൾ

- വായനയ്ക്കായി നല്ല പുസ്തകങ്ങൾ ലൈബ്രറി,ക്ലാസ് ലൈബ്രറി തുടങ്ങിയവയിലൂടെ നൽകുക.
- അധ്യാപകന്റെ മാതൃകാവായന, ചിഹ്നങ്ങളുടെ ഉപയോഗം തിരിച്ചറിഞ്ഞ് ഭാഷയ്ക്ക് വ്യക്തത കൈവരിക്കുക.
- തുഞ്ചൻപറമ്പ്,സാംസ്കാരികനായകൻമാരുടെ വീടുകൾ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുക.
- സ്വകാര്യഭാഷയാണ് വിദ്യാർത്ഥികളെ സർഗ്ഗാത്മകവ്യാപാരത്തിലേക്ക് നയിക്കുന്നത്.
- ആശയരൂപീകരണം .അവതരണത്തിലൂടെ കഥ,കവിത തുടങ്ങിയവയിൽ കുട്ടികൾക്കുള്ള കഴിവ് തിരിച്ചറിയാനുള്ള പ്രവർത്തനം
- ശ്രേഷ്ഠഭാഷ എന്ന നിലയിലും മാതൃഭാഷ എന്നനിലയിലും മലയാളഭാഷാപഠനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതിന് പര്യാപ്തമായത്.
- വിവിധപഠനശൈലികളെ പരിഗണിച്ചുകൊണ്ട് വിവിധഇന്ദ്രിയാനുഭവങ്ങൾ നൽകുന്നതു വഴി പഠനം കാര്യക്ഷമമാകുന്നു.
- സാംസ്കാരിക പൈതൃകം,ചരിത്രബോധം തുടങ്ങിയവ അറിയുന്നതിനുള്ള അവസരങ്ങൾ ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ നടപ്പിലാക്കുക.
- കുട്ടികൾക്ക് അഭിനയപാടവം വികസിപ്പിക്കാൻ ഇതിലൂടെ കഴിയും.

## കാലം

- ജൂലൈ-മാർച്ച് .ജൂൺ-ഡിസംബർ,പഠനകാലയളവിൽ ,അക്കാദമിക കാലം .ഒരാഴ്ച്ച,അധ്യയന വർഷങ്ങളിൽ ,4 മാസം ,ഭാഷപഠനപിരിയഡുകൾ,ഓണം അവധിക്കാലം (ഒന്നാം ടേം)

## ചുമതല

- ലൈബ്രറിയൻ ക്ലാസ്സ് ലീഡർ
- അധ്യാപകൻ,വിദ്യാർത്ഥികൾ
- അധ്യാപകൻ ,വിദ്യാരംഗം ക്ലബ്ബ് അംഗങ്ങൾ
- ലൈബ്രറിയൻ ,അധ്യാപക വിദ്യാർത്ഥി കൂട്ടായപ്രവർത്തനം
- അവതാരകൻ വിദ്യാർത്ഥികൾ
- വിദ്യാർത്ഥികൾ
- അധ്യാപകൻ
- അധ്യാപകൻ
- അധ്യാപകൻ,വിദ്യാർത്ഥികൾ

## സാമ്പത്തിക വിശകലനം

- ലൈബ്രറി ഫണ്ട് ,പി.ടിഎ ,സ്റ്റാഫ് ഫണ്ട് , അധ്യാപകർ ,സ്റ്റാഫ് ഫണ്ട്

# സംസ്കൃതം

മേഖല അക്കാദമികം

<u>ലക്ഷ്യം</u>

- ദേവനാഗിരിലിപിയിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ എഴുതാനും വായിക്കാനും എത്തിക്കുക.

<u>പ്രവർത്തനങ്ങൾ</u>

- വായനാമത്സരങ്ങൾ ,പ്രശ്നോത്തരി
- കോപ്പിയെഴുതാൻ , രാമായണപാരായണം
- നോക്കിയെഴുതാൻ ,പരീക്ഷാമുന്നൊരുക്കം
- സംസ്കൃത ലൈബ്രറി നടത്തുക ,ദിനാചരണങ്ങൾ, സംസ്കൃത കലോൽസവം

<u>കാലം</u>

- 6 മാസം

<u>ചുമതല</u>

- സംസ്കൃത ക്ലബ്ബ് അംഗങ്ങൾ
- സംസ്കൃത അധ്യാപിക

<u>സാമ്പത്തിക വിശകലനം</u>

- ലൈബ്രറി ഫണ്ട്

# അറബിക്

## ലക്ഷ്യം

- ലോകഭാഷകളിൽ മൂന്നാംസ്ഥാനത്ത് നിൽക്കുന്ന അറബിഭാഷപഠിക്കാനും എഴുതാനും സംസാരിക്കാനുമുള്ളകഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷപഠനനേട്ടങ്ങൾ മുഴുവൻകുട്ടികളിലും ഉറപ്പുവരുത്തുക.
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് റൂമുകളിൽ ഒരുക്കുക.
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഉറപ്പുവരുത്തുക.
- ഭാഷാപഠനത്തിൽ ഐ.ടി സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## പ്രവർത്തനങ്ങൾ

1. മികവിന്റെ വഴിയിൽ
   - ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക ,മുന്നറിവ് പരിശോധിക്കുക ,ഭാഷാകളികൾ
2. വായനാവസന്തം
   - ക്ലാസ്സ് ലൈബ്രറി ,സ്കൂൾ ലൈബ്രറി ,വായനാകുറിപ്പുകൾ ,അറബിക് പത്രവായന
3. എഴുത്തുത്സവം
   - എഴുത്തുകൂട്ടം,പതിപ്പുകളുടെ നിർമ്മാണം ,വായനാകുറിപ്പുശേഖരണം ,,ചുമർ പത്രങ്ങൾ ,പോസ്റ്ററുകൾ
4. അറബിക് ആശയവിനിമയം
   - ആശയവിനിമയ വേദി ക്ലാസ്സ്തലം ,സ്കൂൾതലം,അറബിക് അസംബ്ലി,ഭാഷാക്യാമ്പ് , മൊബൈൽ ലിസണിംങ്ങ് സ്പീക്കിംങ്ങ്
   - അറബിക് മേള(നാടകം,മോണോആക്ട്,പ്രസംഗം,സംഭാഷണം)
5. ലാംഗ്വേജ് ലാബ്
   - അറബിഭാഷാസാഹിത്യശേഖരങ്ങൾ ,ചിത്രീകരണം,സിനിമ,സോഷ്യൽ മീഡിയ ആക്ടിവിറ്റിസ്

## കാലം

- 2 മാസം ,6 മാസം ,12 മാസം ,24 മാസം ,36 മാസം

## ചുമതല

- അറബിക് അധ്യാപകർ . അറബിക് ക്ലബ്ബ് ,മാനേജ്മെന്റ് ,ഹെഡ്മാസ്റ്റർ

## സാമ്പത്തിക വിശകലനം

- സ്റ്റാഫ് ഫണ്ട്

# URDU

## ലക്ഷ്യം

പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ എഴുതാനും വായിക്കാനും എത്തിക്കുക

## പ്രവർത്തനങ്ങൾ

വായനാമത്സരം ,കോപ്പി എഴുതുക, ഉറുദു ലൈബ്രറിയിൽ ഉൾപ്പെടുത്തുക.

## കാലം

6 മാസം

## ചുമതല

ഉറുദു ക്ലബ്ബ് അംഗങ്ങൾ ,ഉറുദു അധ്യാപിക

## സാമ്പത്തിക വിശകലനം

ഉറുദു പുസ്തകങ്ങളുടെ ലഭ്യത ആവശ്യമായിട്ടുണ്ട് , ലൈബ്രറി ഫണ്ട് .

# ENGLISH

## SUB -ACTIVITY

1 One day workshop (What,When,How)

2 Preparation and printing of questionnaire

3 Execution and evaluation of pretest

4 School level cluster

5 Preparation and printing of special module

6 Bridge course

7 Evaluation and result analysis

8 Post Test

9 Subject Council

10 Installing Language Lab

11 Exhibition of literary works

12 Conduct various competitions under the guidance of English Club.

13 Conducting readers forum weekly

14 List of Latest arrival on English Club notice board

15 Conduct English assembly once in a month

16 Conduct film festivals under the guidance of English Club .

17 Interact with famous personalities .

## CHARGE

Subject Council convener ,Subject Council Members,Subject Council Members,Subject Council convener , Subject Council Members, Subject Council Members 2017 (Retired Teachers), Subject Council Members, Subject Council ,Subject Council convener ,HM/PTA, Subject Council Members,English Club Members , Subject Council Members,English Club Convener, Subject Council Members&English Club Members ,English Club Members .

## ഹിന്ദി

<u>ലക്ഷ്യം</u>

- എഴുത്ത് ,ഉച്ചാരണ [illegible]
- ഹിന്ദി ഭാഷയിൽ [illegible]
- ഹിന്ദിഭാഷ [illegible]
- ഹിന്ദിയിൽ [illegible]
- ഓരോ യൂണിറ്റ് , [illegible] പാഠഭാഗങ്ങൾ [illegible]
- രാഷ്ട്രഭാഷാപഠനത്തിലൂടെ കുട്ടികളിൽ ഭാഷയോടുള്ള സ്നേഹവും ,ദേശാഭിമാനവും വളർത്തുക
- ഹിന്ദിഭാഷാപഠനം ലളിതവും രസകരവുമാക്കുക.
- ഭാഷയിൽ നൈപുണ്യം

<u>പ്രവർത്തനങ്ങൾ</u>

- നോക്കിയെഴുത്ത് , കോപ്പിയെഴുതൽ ,അധ്യാപകന്റെ മാതൃകാവായന ,ഹിന്ദികഥാ പുസ്തകങ്ങൾ വിതരണം .
- ഹിന്ദിവാർത്തകൾ കേൾപ്പിക്കുക ,സിനിമാപ്രദർശനം,കാലാസ്സിൽ ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കൽ (സംസാരം ഹിന്ദിയിൽ)
- സാഹിത്യസഭ,ഹിന്ദിപുസ്തകത്തിന്റെ വിതരണം,ഹിന്ദിരാഷ്ട്രഭാഷയിൽ കുട്ടികളുമായി സംവാദം ,ഹിന്ദികവിതകളുടെ ഓഡിയോ കേൾക്കൽ
- കവിത ,നാടക ക്യാമ്പുകൾ ,കഥാരചന ,കവിതാരചന മത്സരങ്ങൾ
- സ്ക്രിപ്റ്റ് ,റൈറ്റിങ്ങ്,എഡിറ്റിങ്ങ്,എന്നീകോഴ്സുകൾ പരിചയപ്പെടുത്തൽ,വ്യാകരണ ക്ലാസ്.
- ഹിന്ദിക്ലബ്ബിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസിലും മഹത്വ്യക്തികളുടെ ഫോട്ടോയും സന്ദേശങ്ങളും പ്രദർശിപ്പിക്കുക,ദേശീയപ്രാധാന്യ ദിവസങ്ങൾ ആഘോഷിക്കുക.
- എന്റെ ഹിന്ദി പുസ്തകം എന്ന രീതിയിൽ ഓരോ കുട്ടിയും ഓരോ ഹിന്ദിപുസ്തകം തയ്യാറാക്കുക
- ഭാഷയുമായി ബന്ധപ്പെടുത്തികൊണ്ട് ഐ.ടി സാധ്യത ഉപയോഗിച്ചുള്ള ഡോക്യുമെന്റേഷൻ

<u>കാലം</u>

- ജൂൺ മുതൽ ആഗസ്റ്റ് വരെ 3 മാസം
- ആഗസ്റ്റ് മാസം ,ആഴ്ച്ചയിൽ 1 ദിവസം (സെപ്റ്റംബർ),ഒക്ടോബർ മാസം,ജൂൺ മുതൽ ജനുവരി വരെ ,ആഗസ്റ്റ് 15 മുതൽ ,ഒക്ടോബർ മുതൽ ഡിസംബർ വരെ ,ജനുവരി

<u>ചുമതല</u>

- സബ്ജക്ട് കൗൺസിൽ കൺവീനർ
- ഹിന്ദി അധ്യാപകൻ
- ഹിന്ദി ക്ലബ്ബ് കൺവീനർ

# ഫിസിക്കൽ സയൻസ്

<u>ലക്ഷ്യം-1</u>

- കുട്ടികളിൽ ശാസ്ത്രകൗതുകം വളർത്തുക

പ്രവർത്തനങ്ങൾ :- സയൻസ് മാഗസിൻ ,സയൻസ് ക്വിസ്, സയൻസ് ബുള്ളറ്റിൻ ,ബോർഡ് ,ശാസ്ത്ര ലൈബ്രറി .

ചുമതല:- സയൻസ് ക്ലബ്ബ് കൺവീനർ ,കുട്ടികൾ

<u>ലക്ഷ്യം-2</u>

- പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക

പ്രവർത്തനങ്ങൾ :- ജൈവകൃഷിസ്കൂളിൽ നടപ്പിലാക്കുക.
ബോധവത്കരണ ക്ലാസ്സുകൾ (പാരിസ്ഥിതിക പ്രശ്നങ്ങൾ,മണ്ണ് സംരക്ഷണം, ജലസംരക്ഷണം, ജൈവകൃഷിരീതികൾ തുടങ്ങിയ വിഷയങ്ങളിൽ)

ചുമതല :- അധ്യാപകർ ,സയൻസ് ക്ലബ്ബ് അംഗങ്ങൾ

<u>ലക്ഷ്യം-3</u>

- അന്വേഷണത്തിലൂടെ ലഭിച്ചവിവരങ്ങൾവിശകലനം ചെയ്ത് നിഗമനത്തിലെത്തി ചേരുക.

പ്രവർത്തനങ്ങൾ:- ഗവേഷണ പ്രോജക്ടുകൾ ,സർവ്വേ,സെമിനാർ

ചുമതല :- അധ്യാപകർ ,കുട്ടികൾ

<u>ലക്ഷ്യം-4</u>

- ദൈനംദിനജിവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക .

പ്രവർത്തനങ്ങൾ :- സയൻസ് നിത്യജീവിതവുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെകുറിച്ചുള്ളക്ലാസുകൾ,പരീക്ഷണപ്രവർത്തനങ്ങൾ ,ഡോക്ടർമാർ,വീട്ടമ്മമാർ ,ശാസ്ത്രവിഷയങ്ങളിൽ നൈപുണ്യമുള്ളവർഎന്നിവരുമായി അഭിമുഖം.

ചുമതല :- അധ്യാപകർ ,കുട്ടികൾ ,സയൻസ് ക്ലബ്ബ്.

<u>ലക്ഷ്യം-5</u>

- ശാസ്ത്രബോധം വളർത്തുക

പ്രവർത്തനങ്ങൾ :-ശാസ്ത്രപരീക്ഷണങ്ങൾ ,ഐ.സി.ടി സാധ്യതകൾ ,ശില്പശാലകൾ, ഫീൽഡു ട്രിപ്പുകൾ.

ചുമതല:- അധ്യാപകർ ,കുട്ടികൾ

<u>ലക്ഷ്യം-6</u>

- തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുക.

പ്രവർത്തനങ്ങൾ :-വ്യവസായശാലകളും ഫാക്ടറികളും സന്ദർശിക്കുക,തൊഴിൽ വിദഗ്ധരുമായുള്ള അഭിമുഖം ,തൊഴിലിടങ്ങൾ സന്ദർശിക്കൽ

ചുമതല.- അധ്യാപകർ,കുട്ടികൾ

പ്രവർത്തനങ്ങൾ :-ശാസ്ത്രപുസ്തകങ്ങൾ ഉൾപ്പെടുന്ന സയൻസ് ലൈബ്രറി സജ്ജീകരിക്ക

കാലം - 6 മാസം ,ചുമതല -ജീവശാസ്ത്ര അധ്യാപകർ ,മറ്റ് സയൻസ് അധ്യാപകർ

സാമ്പത്തിക വിശകലനം - സ്റ്റാഫ് ഫണ്ട്

<u>ലക്ഷ്യം 6</u>

- പ്രകൃതിയെ തൊട്ടറിയുക ,നിരിക്ഷണ പാടവം വളർത്തുക

പ്രവർത്തനങ്ങൾ :-8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വന്യജീവി സങ്കേതങ്ങൾ ,കൃഷിയിടങ്ങൾ,സയൻസ് മ്യൂസിയങ്ങൾ എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് .

കാലം - 8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഓരോ ഫീൽഡ് ട്രിപ്പും ഓരോവർഷത്തേക്ക് ,ചുമതല – ജീവശാസ്ത്ര അധ്യാപകർ

സാമ്പത്തിക വിശകലനം - സ്റ്റാഫ് ഫണ്ട് .

<u>ലക്ഷ്യം 7</u>

- അടിയന്തിര സാഹചര്യങ്ങളിൽ പ്രഥമശുശ്രൂഷ നൽകാനുള്ള പരിശീലനം സിദ്ധിക്കുക

പ്രവർത്തനങ്ങൾ :- പ്രഥമശുശ്രൂഷ കുട്ടികളെ പരിശീലിപ്പിക്കുക .ആരോഗ്യമേഖലയിലെ വിദഗ്ദ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക .

കാലം- ഓരോ വർഷവും ,ചുമതല- ജീവശാസ്ത്രഅധ്യാപകർ

സാമ്പത്തിക വിശകലനം - സ്റ്റാഫ് ഫണ്ട്

<u>ലക്ഷ്യം 8</u>

- ദിവസത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക ,ശാസ്ത്രാവബോധം വളർത്തുക

പ്രവർത്തനങ്ങൾ :-ശാസ്ത്ര പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുക.

ചുമതല – ജീവശാസ്ത്ര അധ്യാപകർ ,സയൻസ് ക്ലബ്ബ് അംഗങ്ങൾ

<u>ലക്ഷ്യം 9</u>

- പാഠപുസ്തകത്തിലധിഷ്ഠിതമായ ശാസ്ത്രവിഷയങ്ങൾഅധികവിവരം കൈവരിക്കുക ,ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തുക .

പ്രവർത്തനങ്ങൾ :-8,9,10 ക്ലാസ്സുകളിലെ ജീവശാസ്ത്രആശയങ്ങളുടെ വീഡിയോപാഠങ്ങൾ തയ്യാറാക്കി ക്ലാസ്സ് റൂമുകളിൽ അവതരിപ്പിക്കുന്നു.ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട ചാനലുകളുടെ പ്രദർശനം .

കാലം -6 മാസം ,ചുമതല -ജീവശാസ്ത്ര അധ്യാപകർ

സാമ്പത്തിക വിശകലനം - സ്റ്റാഫ് ഫണ്ട് .

# ജീവശാസ്ത്രം

<u>ലക്ഷ്യം 1</u>

- ശാസ്ത്ര വിഷയങ്ങളിൽ മുന്നറിവ് പരിശോധന

പ്രവർത്തനങ്ങൾ : മുൻ ക്ലാസ്സുകളിൽ ജീവശാസ്ത്രആശയങ്ങൾ ഉൾക്കൊള്ളിച്ച് ചോദ്യാവലി കുട്ടികൾക്ക് നൽകുന്നു.

കാലം - 2 ആഴ്ച , ചുമതല - ജീവശാസ്ത്രഅധ്യാപകർ

സാമ്പത്തികവിശകലനം - സ്റ്റാഫ് ഫണ്ട്

<u>ലക്ഷ്യം 2</u>

- ശാസ്ത്രവിഷയങ്ങളിൽ താത്പര്യം ഉളവാക്കുക .പരീക്ഷണങ്ങളിലൂടെ നിഗമനങ്ങൾ രൂപികരിക്കുക .

പ്രവർത്തനങ്ങൾ :- അത്യാധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ സയൻസ് ലാബ് സജ്ജീകരിക്കൽ

കാലം - 3 വർഷം , ചുമതല -ജീവശാസ്ത്ര അധ്യാപകർ ,മാനേജ്മെന്റ്

സാമ്പത്തികവിശകലനം - ആർ.എം.എസ്.എ മോനേജ്മെന്റ്

<u>ലക്ഷ്യം 3</u>

- ശാസ്ത്ര വിഷയങ്ങളിൽ പ്രായോഗിക ജ്ഞാനം

പ്രവർത്തനങ്ങൾ :- Hi-Tech ലാബ് പദ്ധതി പൂർത്തിയാകുന്നത് വരെ നിലവിലുള്ള ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ .

കാലം - 6 മാസം ,ചുമതല -ജീവശാസ്ത്ര അധ്യാപകർ

സാമ്പത്തിക വിശകലനം -സ്റ്റാഫ് ഫണ്ട്

<u>ലക്ഷ്യം 4</u>

- പരിസ്ഥിതി അവബോധം വളർത്തുക ,പ്രകൃതി സ്നേഹം വർദ്ധിപ്പിക്കുക,ജൈവവൈവിധ്യ സംരക്ഷണം

പ്രവർത്തനങ്ങൾ :-ഔഷധസസ്യങ്ങൾ ,പുഷ്പിതസസ്യങ്ങൾ ,ശലഭങ്ങൾ എന്നിവയ്ക്ക് ആവാസം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് ജൈവവൈവിധ്യ പാർക്ക് .

കാലം - 1 വർഷം , ചുമതല – ജീവശാസ്ത്ര അധ്യാപകർ

സാമ്പത്തിക വിശകലനം - സ്റ്റാഫ് ഫണ്ട്, മോനേജ്മെന്റ്

<u>ലക്ഷ്യം 5</u>

- ശാസ്ത്ര വിഷയങ്ങളിൽ അധിക വിവരം ,വായനാശീലം വളർത്തുക

# സാമൂഹ്യശാസ്ത്രം

ലക്ഷ്യം 1

- പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

പ്രവർത്തനങ്ങൾ

പ്രീ ടെസ്റ്റ്

സാമൂഹ്യശാസ്ത്ര വിഷയത്തിൽ താൽപര്യം ജനിപ്പിക്കൽ ,സ്കിറ്റുകൾ,ഗാനങ്ങൾ ,ലഘുവിവരണങ്ങൾ എന്നിവയിലൂടെ

പിന്തുണാസംവിധാനം

ബി.ആർ.സി.ഡയറ്റ്,പി.ടി.എ.എസ്.ആർ.ജി ,അധ്യാപകർ

ലക്ഷ്യം 2

- കുട്ടികളെ അവരുടെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ കണ്ടെത്താനും പ്രാപ്തരാക്കുക .

പ്രവർത്തനം

പാഠഭാഗങ്ങൾ ഗ്രൂപ്പുതലത്തിലും വ്യക്തിഗതമായും വായിച്ച് ആശയസ്വാംശീകരണം.
പാഠഭാഗങ്ങൾഡിജിറ്റലൈസേഷൻ നടത്തി അവതരിപ്പിക്കൽ

ചുമതല

ഡയറ്റ് ,പി.ടി.എ,അധ്യാപകർ

കാലയളവ്

6 മാസം

ലക്ഷ്യം 3.

- സാമൂഹ്യശാസ്ത്രബോധം സൃഷ്ടിക്കുന്നതിനായി സാമൂഹ്യശാസ്ത്ര ലാബ്

പ്രവർത്തനം

അധ്യാപകരുടെ സഹായമില്ലാതെ സാമൂഹ്യശാസ്ത്രപഠനം നടത്തുന്നതിന് ഉയർന്നതരത്തിലുള്ള സാമൂഹ്യശാസ്ത്ര ലാബ് സാമൂഹ്യശാസ്ത്രപഠനം രസകരവും വിജ്ഞാനപ്രദവുമാകും.

- ലൈബ്രറി :- ചരിത്രം ,ഭൂമിശാസ്ത്രം,സാമ്പത്തികശാസ്ത്രം,പൗരധർമ്മം എന്നിവയുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങൾ ,അലമാരകൾ
- ഡിജിറ്റൽ ലൈബ്രറി :-സി.ഡി.കൾ ,പെൻഡ്രൈവ് ,വീഡിയോകൾ , ചരിത്രസിനിമകൾ മുതലായവ
- ഗ്ലോബുകൾ ,ഭൂപടങ്ങൾ :-ചരിത്രഭൂപടങ്ങൾ,സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഇന്ത്യ ,രാഷ്ട്രീയ ഭൂപടം,ഭൗതികഭൂപടം ,സ്വാതന്ത്ര്യാനന്തര ഇന്ത്യ,കേരളം ,രാഷ്ട്രീയ ഭൂപടം

,കാലാവസ്ഥാഭൂപടം .

- ചാർട്ടുകൾ
- ചിത്രങ്ങൾ
- ജി.പി.എസ്. ,വർക്കിംഗ് മോഡൽ ,സ്റ്റിൽ മോഡൽ ,സൂര്യഗ്രഹണം ,ചന്ദ്രഗ്രഹണം, ഭ്രമണം,പരിക്രമണം.

# ഗണിതശാസ്ത്രം

<u>ലക്ഷ്യം</u>

- ഗണിതത്തിലെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുക
- എല്ലാകുട്ടികൾക്കും B ഗ്രേഡും അതിനു മുകളിലും നേടിക്കൊടുക്കുക
- Excellent Student-നെ കൂടുതൽ മികവുറ്റതാക്കുക.
- പഠനപരമായ പിന്നോക്കാവസ്ഥ പരിഗണിക്കുക.
- ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നകുട്ടികൾക്കുള്ള പരിഹാര പ്രവർത്തനം .

<u>പ്രവർത്തനങ്ങൾ</u>

- Maths Club അംഗങ്ങളുടെ സഹായത്തോടെ പരിശീലനം
- പ്രത്യേക പരിശീലനം
- Challenging Questions കൊടുക്കുക.
- പ്രീടെസ്റ്റ് ,ഗണിതത്തോടു താല്പര്യം തോന്നിക്കുന്ന രീതിയിലുള്ള ലളിതമായമത്സരങ്ങൾ നടത്തുന്നു.
- റിസോഴ്സ് അധ്യാപകരുടെയും മറ്റു വിദഗ്ധരുടെയും സഹായം ഉറപ്പിക്കുന്നു.അഭിരുചിക്കനുസരിച്ച് പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. Math chme

<u>കാലം</u>

- 1 മാസം ,1 വർഷം

<u>ചുമതല</u>

- ക്ലബ്ബ് അംഗങ്ങൾ ,ബന്ധപ്പെട്ട അധ്യാപകർ

<u>സാമ്പത്തിക വിശകലനം</u>

- പി.ടി.എ

# വിവരവിനിമയ സാങ്കേതിക വിദ്യ

<u>ലക്ഷ്യം 1</u>

- എട്ടാംക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികളെയും കമ്പ്യൂട്ടർ സാക്ഷരരാക്കും.

  പ്രവർത്തനങ്ങൾ :- Input,Output ഉപകരണങ്ങൾ പരിചയപ്പെടുത്തും ,ഡാറാറാഎൻട്രി പരിചയപ്പെടുത്തും

  കാലം :- ജൂൺ ,ജൂലൈ മാസം ,ചുമതല - ഐ.സി.ടി അധ്യാപകർ

<u>ലക്ഷ്യം 2</u>

- ഐ.സി.ടി സൗകര്യമുപയോഗിച്ച പാഠഭാഗങ്ങൾ പഠിപ്പിക്കും .

  പ്രവർത്തനങ്ങൾ :- സ്മാർട്ട് ക്ലാസ്സ് റൂമിനു പ്രത്യേക ടൈംടേബിൾ തയ്യാറാക്കും

  കാലം - 18-19 അധ്യായന വർഷം ,ചുമതല - ഐ.സി.ടി അധ്യാപകർ

<u>ലക്ഷ്യം 3</u>

- കമ്പ്യൂട്ടർ ലാബ് വിപുലമാക്കും

  പ്രവർത്തനങ്ങൾ :-രണ്ട് കുട്ടികൾക്ക് ഒരു കമ്പ്യൂട്ടർ എന്ന ക്രമത്തിൽ ലാബ് വിപുലപ്പെടുത്തും

  കാലം - 18-19 അധ്യായന വർഷം ,ചുമതല - ഐ.സി.ടി അധ്യാപകർ

  സാമ്പത്തിക വിശകലനം - മാനേജ്മെന്റ് ,പി.ടി.എ ,പൂർവ്വകാല വിദ്യാർത്ഥികൾ

<u>ലക്ഷ്യം 4</u>

- ഐ.ടി .മേളയിൽ പങ്കാളിത്തം

  സബ്ജില്ല .ജില്ലാതല ഐടി മേളകൾക്ക് വേണ്ട പരിശീലനം നൽകും

  കാലം -അധ്യയന വർഷങ്ങളിൽ,ചുമതല - ഐ.സി.ടി അധ്യാപകർ

<u>ലക്ഷ്യം 5</u>

- പത്താം തരം പരീക്ഷ എഴുതുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും A+ ലക്ഷ്യമിട്ട് പ്രവർത്തനം

  പ്രവർത്തനങ്ങൾ :-രാവിലെയും വൈകുന്നേരവും പ്രത്യേക കോച്ചിംഗ്

  കാലം - അധ്യയന വർഷങ്ങളിൽ ,ചുമതല - ഐ.സി.ടി അധ്യാപകർ

<u>ലക്ഷ്യം 6</u>

- ഇന്റർനെറ്റ് സാക്ഷരരാക്കും

  കമ്പ്യൂട്ടർ ലാബിലും ഓഫീസിലും നെറ്റ് വർക്ക് ചെയ്യും

  കാലം -18-19 അധ്യയന വർഷം ,സാമ്പത്തികവിശകലനം - പി.ടി.എ ,മാനേജ്മെന്റ്

# കായിക വിദ്യാഭ്യാസം

ലക്ഷ്യം 1

- മികച്ച ഒരു Volleyball Team രൂപീകരിക്കുക.

  പ്രവർത്തനങ്ങൾ :-മികച്ച സൗകര്യം ഒരുക്കുക ,നല്ല കളിസ്ഥലങ്ങൾ ഉണ്ടാക്കുക,കളി ഉപകരണങ്ങൾ ,ഭക്ഷണം എന്നിവയ്ക്ക് സൗകര്യമൊരുക്കുക

  കാലം - 3 വർഷം ,ചുമതല -കായികാധ്യാപകരുടെ നേതൃത്വത്തിൽ മറ്റുള്ളവരുടെ സേവനം ലഭ്യമാക്കുക .

  സാമ്പത്തിക വിശകലനം - എം.എൽ.എ ഫണ്ട് ,പഞ്ചായത്ത് ഫണ്ട് ,ജില്ലാപഞ്ചായത്ത്

ലക്ഷ്യം 2

- ഇൻഡോർ ഗെയിംസ് മഴക്കാലങ്ങളിലും മറ്റു കട്ടികൾക്ക് ഒഴിവു പിരിയഡ് ചെലവഴിക്കാൻ

  പ്രവർത്തനങ്ങൾ :-നല്ല ഒരു ഇൻഡോർ കോർട്ടിന്റെ സൗകര്യം കണ്ടെത്തുക (Table Tennis,Chess etc.).കളി ഉപകരണങ്ങൾ ,മറ്റു സൗകര്യങ്ങൾ

  കാലം -1 വർഷം ,മറ്റു അധ്യാപകർക്കും ചുമതല കൊടുക്കും ,പെൺകുട്ടികളുടെ ചുമതല അധ്യാപികമാർക്കും .

  സാമ്പത്തിക വിശകലനം - പി.ടി.എ ഫണ്ട് ,മാനേജ്മെന്റ് ,എം.എൽ.എ ഫണ്ട്, എം.പി ഫണ്ട് .

- ലക്ഷ്യം 3

- സ്കൂളിൽ ഒരു (ഹെൽത്ത് ക്ലബ്ബ്സ്) Body Buildings ന്റെ പ്രാധാന്യം കട്ടികളെ ബോധ്യപ്പെടുത്തുക .

  പ്രവർത്തനങ്ങൾ :-നല്ല സൗകര്യത്തോടെ ഒരു ഹെൽത്ത് ക്ലബ്ബ് രൂപീകരിക്കുക .നല്ല ഉപകരണങ്ങൾ ,ഭക്ഷണം,കളിവസ്ത്രങ്ങൾ

  കാലം - 2 വർഷം ,ചുമതല :- അറിയാവുന്ന സ്റ്റാഫിന്റെ സേവനം തേടുക.

  സാമ്പത്തിക വിശകലനം :- എം.എൽ.എ ഫണ്ട് ,എം.പി ഫണ്ട് ,പഞ്ചായത്ത് ഫണ്ട്

ലക്ഷ്യം 4

- സ്കൂളിലെ എല്ലാ കട്ടികൾക്കും സൈക്കിളിങ്ങ് പരിശീലനം

  പ്രവർത്തനങ്ങൾ :- ആൺകട്ടികൾക്കും പെൺകട്ടികൾക്കും പ്രത്യേക സൈക്കിളുകൾ വാങ്ങുക. സ്കൂളിലെ ഉപകരണങ്ങൾ ,മറ്റ് സൗകര്യങ്ങൾ

  കാലം :-1 വർഷം ,ചുമതല :-സൈക്കിളിങ്ങ് അറിയാവുന്ന സ്റ്റഫിന്റെ സഹായം തേടുക.

  സാമ്പത്തിക വിശകലനം :-എം.എൽ.എ ഫണ്ട് , പഞ്ചായത്ത് ,സ്റ്റാഫ് ഫണ്ട് ,

മറ്റു സമ്പന്നങ്ങൾ

<u>ലക്ഷ്യം 5</u>

- സ്കൂളിലെ എല്ലാ കുട്ടികളെയും നീന്തൽ പഠിപ്പിക്കൽ

പ്രവർത്തനങ്ങൾ :-നീന്തൽ പഠിക്കാനുള്ള സൗകര്യം പ്രയോജനപ്പെടുത്തുക ,സ്കൂളിൽ സ്വിമ്മിങ് പൂൾ നിർമ്മിക്കുക.അടുത്തുള്ള പുഴ പ്രയോജനപ്പെടുത്തുക

കാലം :- 2 വർഷം ,ചുമതല :-നീന്തൽ അറിയാവുന്ന സ്റ്റാഫിന്റെ സേവനം ഉപയോഗപ്പെടുത്തുക ,എല്ലാവരുടേയും സേവനം പ്രയോജനപ്പെടുത്തുക.

സാമ്പത്തിക വിശകലനം :-എം.എൽ.എ ഫണ്ട് , പഞ്ചായത്ത് ,സ്റ്റാഫ് ഫണ്ട് ,ജില്ലാ പഞ്ചായത്ത്

<u>ലക്ഷ്യം 6</u>

- ജില്ലയിൽ മികച്ച ഒരു അത് ലറ്റ് ടീം ഉണ്ടാക്കുന്നതിനു വേണ്ടി .

പ്രവർത്തനങ്ങൾ :-മികച്ച സൗകര്യമുള്ള ഒരു കോർട്ട് നിർമ്മിക്കുക .മികച്ച എല്ലാ കായിക ഉപകരണങ്ങളും ,പോഷകാഹാരങ്ങളും നൽകുക .

കാലം :- 2 വർഷം .ചുമതല:-കായികാധ്യാപകന്റെ നേതൃത്വം ,വനിതാസ്റ്റാഫിന്റെ നേതൃത്വം

സാമ്പത്തിക വിശകലനം :-എം.പി ഫണ്ട് ,എം.എൽ.എ ഫണ്ട് ,പി.ടി.എ ഫണ്ട് ,പഞ്ചായത്ത് ഫണ്ട് .

# പ്രവൃത്തിപരിചയപഠനം

ആമുഖം

വിദ്യാലയത്തിലെ ... പ്രവർത്തനങ്ങളെ സർഗ്ഗാത്മകവും താല്പര്യജനകവുമാക്കുന്ന ഇടപെടലുകൾ നടത്താൻ പ്രവൃത്തിപരിചയപഠനത്തിന് സാധിക്കേണ്ടതുണ്ട്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ ഇത്തരം പ്രവർത്തനങ്ങൾ കുട്ടികൾക്ക് ജീവിതോപാധിയായി മാറണം.

പ്രശ്നങ്ങൾ

1 പ്രവൃത്തിപരിചയത്തിന് ആദ്യമായി വേണ്ടത് സ്ഥലലഭ്യതയാണ്.

2 കുട്ടികൾക്ക് പ്രവൃത്തിപഠനത്തിലൂടെ അവരുടെ കഴിവുകൾ വളർത്തിയെടുക്കണമെങ്കിൽ രക്ഷിതാക്കളുടെയും അധ്യാപകരുടെയും സഹകരണം ആവശ്യമാണ്.

3 അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവാണ്.

4 പ്രത്യേക ക്ലാസ്സ് മുറി ആവശ്യമാണ്.

5 പഠനത്തിൽ മികവ് പുലർത്താത്ത കുട്ടികൾക്ക് പ്രവൃത്തിപഠനത്തിലൂടെ തൊഴിൽ മേഖലയുമായി മുന്നോട്ട് പോകാനുള്ള പഠനം സാധ്യമാക്കാൻ കഴിയണം.

6 സാമ്പത്തിക ചെലവ് കൂടുതലുള്ള വിഷയമായതിനാൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ബുദ്ധിമുട്ടാണ്.

പരിഹാര നിർദ്ദേശങ്ങൾ

1 പ്രവൃത്തിപഠനത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതാണ്.

2 ക്ലബ്ബുകളുടെ പ്രവർത്തനം വിപുലമാക്കണം.

3 രക്ഷിതാക്കൾക്ക് ശില്പശാല നടത്തണം.

4 കുട്ടികൾക്ക താല്പര്യമുള്ള പ്രവർത്തനങ്ങൾ ചെയ്യണം .അവർ ചെയ്യുന്ന പ്രവർത്തനങ്ങൾ കാണാനും പ്രോത്സാഹിപ്പിക്കാനും രക്ഷിതാക്കൾക്കും മറ്റ് അധ്യാപകർക്കും അവസരം കൊടുക്കണം.

5 പ്രത്യേക ക്ലാസ്സ് മുറിയിൽ കുട്ടികൾക്ക് ഇരുന്ന് പ്രവർത്തനം ചെയ്യാനുള്ള സൗകര്യം അവർ ചെയ്യുന്ന പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കാനുമുള്ള സൗകര്യം ഒരുക്കുകയും ചെയ്യണം.

6 പാഠപുസ്തകം വിതരണം ചെയ്യുന്നതുപോലെ പ്രവൃത്തിപഠനത്തിനുമുള്ള സാധനങ്ങൾ സ്കൂളിൽ എത്തിക്കണം.

7 പ്രാക്ടിക്കൽ പരീക്ഷ നടത്താതെ ക്ലാസ്സ് തലത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി കുട്ടികൾക്ക് മാർക്ക് നൽകാവുന്നതാണ്.

# പ്രവർത്തിപരിചയം

ലക്ഷ്യം 1 : എംബ്രോയിഡറി

പ്രവർത്തനങ്ങൾ :-

- തുണിയിൽ എംബ്രോയിഡറി (Table Cloth,Pillow Cover)
  കാലം: ജൂൺ , ചുമതല : അധ്യാപിക ,സാമ്പത്തിക വിശകലനം :പി.ടി.എ ,സ്റ്റാഫ്

ലക്ഷ്യം 2 : കൂൺ കൃഷി

പ്രവർത്തനങ്ങൾ

- വൈക്കോൽ ഉപയോഗിച്ചു കൂൺകൃഷി ചെയ്യുന്ന രീതി
  കാലം : ജൂലൈ ,ചുമതല : അധ്യാപിക ,ക്ലബ്ബ് അംഗങ്ങൾ
  സാമ്പത്തിക വിശകലനം : പി.ടി.എ ,സ്റ്റാഫ്

ലക്ഷ്യം 3 : ചോക്ക് നിർമ്മാണം

പ്രവർത്തനങ്ങൾ

- വിവിധതരം ചോക്ക്നിർമ്മാണം
  കാലം - ആഗസ്റ്റ് ,ചുമതല – അധ്യാപിക ,സാമ്പത്തിക വിശകലനം- പി.ടി.എ ,സ്റ്റാഫ്

ലക്ഷ്യം 4 : പൂക്കൾ നിർമ്മാണം

പ്രവർത്തനങ്ങൾ

- ഓർഗൻറി ,പേപ്പർ ,പാള എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്നു.
  കാലം: സെപ്റ്റംബർ ,ചുമതല :അധ്യാപിക

ലക്ഷ്യം 4: പൗച്ച് നിർമ്മാണം

പ്രവർത്തനങ്ങൾ

- കാൻവാസ് ,റെക്സിൻ ഉപയോഗിച്ച് പൗച്ച് നിർമ്മാണം
  കാലം : ഒക്ടോബർ -നവംബർ ,ചുമതല: അധ്യാപിക
  സാമ്പത്തിക വിശകലനം :പി.ടി.എ

ലക്ഷ്യം 5 : ഓഫീസ് ഫയൽ

പ്രവർത്തനങ്ങൾ

- സ്കൂളിൽ ആവശ്യത്തിനുള്ള ഫയൽനിർമ്മാണം
  കാലം :ഡിസംബർ ,ചുമതല :അധ്യാപിക
  സാമ്പത്തിക വിശകലനം :പി.ടി.എ ,സ്റ്റാഫ്

ലക്ഷ്യം 6: ഗ്രീറ്റിംഗ് കാർഡ്

പ്രവർത്തനങ്ങൾ

- സ്വന്തമായി ഗ്രീറ്റിംഗ് കാർഡ് ഉണ്ടാക്കുന്ന വിധം
  കാലം :ഡിസംബർ - ജനുവരി ,ചുമതല :അധ്യാപിക

ലക്ഷ്യം 7 :കുട്ടികൾക്ക് ബോധവത്കരണം

പ്രവർത്തനങ്ങൾ

- ആരോഗ്യകാര്യങ്ങളെ കുറിച്ച് ബോധവത്കരണ ക്ലാസ്സ് നടത്തണം
  കാലം : ജനുവരി -ഫെബ്രുവരി ,ചുമതല: അധ്യാപിക

# പരിമിതികൾ

- കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോരത്ത് 16 വാർഡുകളായി പരന്ന് കിടക്കുകയാണ് നരിപ്പറ്റ ഗ്രാമപഞ്ചായത്ത്.

- കുന്നും മലകളും ചേർന്ന ഭൂപ്രകൃതി റോഡ് വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

- ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത വിദ്യാർത്ഥികൾക്ക് സ്കൂളിയെത്താൻ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു .

- സാമൂഹികസാമ്പത്തിക പിന്നോക്കാവസ്ഥ പഠനമേഖലകളിലെയും പ്രതികൂലമായി ബാധിക്കുന്നു.